**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5353** **15-03-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ കുത്താളി കൃഷി ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിൽ കുത്താളി കൃഷി ഫാമിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ നികത്താത്ത തസ്തികകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ആകെ 13 തസ്തികകൾ ഉണ്ട്. അതിൽ കൃഷി ഓഫീസറുടെ ഒരു ഒഴിവുണ്ട്. ടി തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫാമിൽ നിലവിൽ ടെൻഡർ ചെയ്ത പ്രവൃത്തികൾ എതൊക്കെയെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (ബി) | കുത്താളി ഫാമിൽ നിലവിൽ ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. ടെണ്ടർ പ്രകാരം നടത്തുന്ന പ്രവൃത്തികൾ കോഴിക്കോട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) മുഖേനയാണ് നടക്കുന്നത്. |
| (സി) | പ്രസ്തുത ഫാമിൽ ഇതുവരെ കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്ത എത്ര ഭൂമി നിലവിലുണ്ടെന്ന് അറിയിക്കുമോ; ആയത് പൂർണ്ണമായും കൃഷി യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | 4 ഹെക്ടർ തരിശു നിലം ഉണ്ടായിരുന്നു. ആയത് കൃഷി യോഗ്യമാക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1) 1 ഹെക്ടർ സ്ഥലത്ത് പുതുതായി തീറ്റപ്പുൽ കൃഷി<br>2) 0.5 ഹെക്ടറിൽ കുറിയ ഇനം തെങ്ങിന്റെ മാതൃ വൃക്ഷത്തോട്ടം<br>3) 0.3 ഹെക്ടർ വിദേശ ഫല വൃക്ഷങ്ങളുടെ മാതൃ സസ്യത്തോട്ടം<br>4) 0.2 അതി സാന്ദ്രം മാവിൻ തോട്ടം<br>5) കഴിഞ്ഞ വർഷത്തേക്കാൾ 54000 കുറ്റ്യാടി തെങ്ങിൻ തൈകളുടെ വിത്ത് തേങ്ങ അധികം പാകി.<br>6) ഇഞ്ചി, മഞ്ഞൾ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>7) ആർ.കെ.വി.വൈ പദ്ധതിയിൽ കെ.എൽ.ഡി.സി മുഖേന 15 ലക്ഷം രൂപ ചിലവഴിച്ച് റൂട്ട് സ്റ്റോക്ക് ആന്റ് സയോൺ ബാങ്ക് പദ്ധതി. |

| | | | |
|---|---|---|---|
| | | | 8) നബാർഡ്, ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ 40 കോടി രൂപയുടെ പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ കൃഷി ഫാമിൽ നിലവിൽ ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ**

| പദ്ധതിയുടെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക | നിലവിലെ സ്ഥിതി | ജില്ലാ പഞ്ചായത്ത്/ ഡിപ്പാർട്ട്മെന്റ് |
|---|---|---|---|---|
| കൂത്താളി ഫാമിനെ മോഡൽ ഫാമാക്കി മാറ്റൽ | 50,00,000 | 42,73,943 | പ്രവൃത്തി പൂർത്തീകരിച്ചു | ജില്ലാ പഞ്ചായത്ത് |
| കൂത്താളി ഫാമിലെ അടിയന്തിര വികസന പ്രവൃത്തികൾ | 15,00,000 | – | പ്രവൃത്തി പുരോഗമിക്കുന്നു. മാർച്ച് 31 ന് അകം പൂർത്തീകരിക്കും. | ജില്ലാ പഞ്ചായത്ത് |
| കൂത്താളി ഫാമിലെ സ്റ്റാഫ് ക്വാർട്ടേഴ്സും ടോയ്‌ലെറ്റും വൈദ്യുതീകരണം | 5,00,000 | – | പ്രവൃത്തി പുരോഗമിക്കുന്നു. മാർച്ച് 31 ന് അകം പൂർത്തീകരിക്കും. | ജില്ലാ പഞ്ചായത്ത് |
| കൂത്താളി ഫാമിലെ കൃഷി ഓഫീസർക്കും സ്റ്റാഫിനുമുള്ള ക്വാർട്ടേഴ്സ് നിർമ്മാണം | 45,00,000 | 40,84,273 | പ്രവൃത്തി പൂർത്തീകരിച്ചു | ജില്ലാ പഞ്ചായത്ത് |
| കൂത്താളി ഫാമിൽ ചെയിൻ ലിങ്ക് ഫെൻസിംഗ് നിർമ്മാണം (RKVY) | 80,00,000 | 45,58,608 | പ്രവൃത്തി പൂർത്തീകരിച്ചു | ഡിപ്പാർട്ട്മെന്റ് |
| കൂത്താളി ഫാമിലെ റയിൻ ഷെൽട്ടർ, പോളി ഹൗസ് എന്നിവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും | 10,00,000 | 7,00,955 | പ്രവൃത്തി പൂർത്തീകരിച്ചു | ഡിപ്പാർട്ട്മെന്റ് |

സെക്ഷൻ ഓഫീസർ